**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3732**
**21.06.2018 ലെ മറുപടിക്ക്**

## ലൈബ്രറികൾക്ക് കെട്ടിടം നിർമ്മിക്കാൻ അനുമതി

| ചോദ്യം<br>ശ്രീ. പി.ടി.എ. റഹീം | | മറുപടി<br>ഡോ. ടി. എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ലൈബ്രറികൾക്ക് എം.എൽ.എ.മാരുടെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും കെട്ടിടം നിർമ്മിക്കാൻ തുക അനുവദിക്കുന്നതിന് അനുമതിയുണ്ടായിരുന്നത് 2017-18 വർഷം മുതൽ അവസാനിപ്പിക്കാൻ തീരുമാനിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; | 2012-13 സാമ്പത്തികവർഷത്തിലാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി സംസ്ഥാനത്ത് ആരംഭിക്കുന്നത്. പദ്ധതിക്കായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത് 11.06.2012 ലെ സ.ഉ (അച്ചടി) നം. 332/2012/ധന പ്രകാരമാണ്. നിയോജകമണ്ഡലങ്ങളിലെ അടിസ്ഥാനസൗകര്യ വികസനം ലക്ഷ്യമാക്കി മൂലധന സ്വഭാവമുള്ള ആസ്തികളുടെ നിർമ്മിതിക്കായാണ് പദ്ധതി രൂപീകരിച്ചത്. ഇപ്രകാരം സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സർക്കാർ ഉടമസ്ഥതയിലായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ സർക്കാരിന്റേയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ ഉടമസ്ഥതയിലല്ലാത്ത ലൈബ്രറികൾക്ക് കെട്ടിടം പണിയാൻ ആസ്തി വികസന ഫണ്ട് വിനിയോഗിക്കാൻ മാനദണ്ഡങ്ങൾ പ്രകാരം അനുമതിയില്ല. 2017-18 സാമ്പത്തികവർഷം മുതൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി ജില്ലാ കളക്ടറേറ്റുകളിലൂടെ നടപ്പാക്കി വരികയാണ്. ആയതിനോട് അനുബന്ധിച്ച് പദ്ധതിക്കായി പുറപ്പെടുവിച്ച ഉത്തരവുകളും സർക്കുലറുകളും ക്രോഡീകരിച്ച് സമഗ്രമായ പുതുക്കിയ ഒരു ഉത്തരവ് (04.07.2017 ലെ സ.ഉ (അച്ചടി) നം. 86/2017/ധന) പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിലും സർക്കാരിന്റേയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ ഉടമസ്ഥതയിലായിരിക്കണം ആസ്തികൾ സൃഷ്ടിക്കേണ്ടത് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സ്വകാര്യ വ്യക്തികളുടേയോ സൊസൈറ്റികളുടേയോ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾക്ക് കെട്ടിടനിർമ്മാണത്തിനായി ആസ്തി വികസന ഫണ്ട് അനുവദിക്കുന്നത് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ്. ആയതുകൊണ്ട് തന്നെ ആസ്തി വികസന പദ്ധതിയിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ, സർക്കാരിന്റേയോ ഉടമസ്ഥതയിലല്ലാത്ത ലൈബ്രറികൾക്കായി കെട്ടിടം പണിയുന്നതിന് ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നത് പരിഗണനയിലില്ല. |
| (ബി) | പ്രസ്തുത പദ്ധതിയിൽ നിന്നും ലൈബ്രറികൾക്ക് കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ? | |

**സെക്ഷൻ ഓഫീസർ**